# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6141

09/07/2013 - ൽ മറുപടിക്ക്

## ഫിഷ് മാർക്കറ്റിംഗ് സെന്ററുകളുടെ വികസനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡു പ്രകാരം ഫിഷ് മാർക്കറ്റിംഗ് സെന്ററുകൾ വികസിപ്പിക്കുന്നതിനായി എത്ര തുക ലഭ്യമാക്കിയിട്ടുണ്ട് ; | (എ) & (ബി) | 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് ഫിഷ് മാർക്കറ്റിംഗ് സെന്ററുകൾ വികസിപ്പിക്കുന്നതിന് പദ്ധതി നടപ്പിലാക്കുന്നില്ല. എൻ.എഫ്.ഡി.ബി യുടെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ സംസ്ഥാനത്തെ മത്സ്യ മാർക്കറ്റുകൾ ആധുനീകരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. മത്സ്യ വിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആധുനികവും ശുചിത്വപൂർണ്ണവുമായ മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുകയെന്നതാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. ഇതിലൂടെ ഗുണഭോക്താക്കൾക്ക് വൃത്തിയുള്ള സാഹചര്യത്തിൽ ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കാൻ കഴിയും. മത്സ്യവിപണന തൊഴിലാളികൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളും ഒരുക്കാൻ കഴിയുന്നു. |
| (ബി) ഫിഷ് മാർക്കറ്റിംഗ് സെന്ററുകളുടെ വികസനം എന്ന പദ്ധതി കൊണ്ടുദ്ദേശിക്കുന്നത് എന്തെല്ലാമാണ് ; | | |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചു കഴിഞ്ഞുവോ ; | (സി) | ബാധകമല്ല |
| (ഡി) | കണ്ണൂർ ജില്ലയിൽ നിന്നും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഫിഷ് മാർക്കറ്റിംഗ് സെന്ററുകൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ ? | (ഡി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ.